**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** **25-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മൊബൈൽ ആപ്പ് തയ്യാറാക്കാനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തുവാനും സന്ദർശകർക്ക് അവരുടെ യാത്രാനുഭവങ്ങൾ പങ്കുവയ്ക്കവാനുമായി തയ്യാറാക്കിയ കേരള ടൂറിസം മൊബൈൽ ആപ്പ് നിലവിലുണ്ട്. |
| (ബി) | ടൂറിസം കേന്ദ്രങ്ങൾ സംബന്ധിച്ചുള്ള എന്തൊക്കെ വിവരങ്ങളാണ് പ്രസ്തുത ആപ്പ് വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വിനോദസഞ്ചാരികൾക്ക് ആവശ്യമാകുന്ന എല്ലാ സേവനങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേരള ടൂറിസം മൊബൈൽ ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ, അവയ്ക്ക് അടുത്തുള്ള മറ്റ് ടൂറിസം ആകർഷണങ്ങൾ, അവയുടെ വിവരണം, ചിത്രങ്ങൾ, ദൃശ്യങ്ങൾ എന്നിവ ആപ്പിലൂടെ ലഭ്യമാണ്. ഉത്തരവാദിത്ത ടൂറിസം സംരംഭങ്ങളെക്കുറിച്ചും ഗ്രാമീണ ജീവിതാനുഭവങ്ങളെക്കുറിച്ചും ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആപ്പിലൂടെ ഓരോ സന്ദർശകനും അധികം ശ്രദ്ധ നേടിയിട്ടില്ലാത്ത ടൂറിസം ആകർഷണങ്ങളെക്കുറിച്ചുള്ള വിവരണം, യാത്രാനുഭവം, ചിത്രങ്ങൾ, ദൃശ്യങ്ങൾ എന്നിവ പങ്കുവയ്ക്കാൻ സാധിക്കും. കേരളത്തിൽ യാത്ര ചെയ്യുന്നവർക്ക് വൃത്തിയും സുരക്ഷിതത്വവുമുള്ള ശുചിമുറികൾ കണ്ടെത്തുവാൻ സഹായിക്കുന്നത് ആപ്പിന്റെ മറ്റൊരു സവിശേഷതയാണ്. ഇത് കൂടാതെ സന്ദർശകർക്ക് അനുയോജ്യമായ താമസ സൗകര്യങ്ങളെക്കുറിച്ചുള്ള വിവരവും ആപ്പിൽ നിന്ന് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ